പതിനാലാം കേരള നിയമസഭ

പതിനാലാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 857 30.01.2019 ൽ മറുപടിയ്ക്ക്

കുമ്പിച്ചൽക്കടവ് പാലത്തിന് വന്യജീവി ബോർഡിന്റെ അനുമതി

| ചോദ്യം<br><br>ശ്രീ.സി.കെ.ഹരീന്ദ്രൻ | | മറുപടി<br><br>അഡ്വ.കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | അമ്പൂരി ഗ്രാമപഞ്ചായത്തിലെ കുമ്പിച്ചൽക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി ഫണ്ട് വകയിരുത്തിയിട്ടും കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി വൈകുന്നതിനാൽ രണ്ടായിരത്തിലേറെ വരുന്ന ആദിവാസി ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശവും ബുദ്ധിമുട്ടും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) | അമ്പൂരി ഗ്രാമ പഞ്ചായത്തിലെ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി 12.11.2018 ൽ സംസ്ഥാന വന്യജീവി ബോർഡിന്റെ അനുമതി ലഭ്യമായിട്ടും പൊതുമരാമത്ത് വകുപ്പിന് നിർമ്മാണാനുമതി കൈമാറാത്തതിനാൽ ടെൻഡർ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 12.11.2018 ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ